


കോയമ്പത്തൂർ അമൃത വിശ്വവിദ്യാപീഠത്തിൽ നടക്കുന്ന 'സദ്ഗമയ 2025' സാംസ്കാരിക ശിബിരത്തിന്റെ ഉദ്ഘാടനം മഹാരാഷ്ട്ര ഗവർണർ സി.പി.രാധാകൃഷ്ണൻ നിർവഹിക്കുന്നു.

# ആത്മീയതയില്ലാത്ത ജ്ഞാനം അഹങ്കാരത്തിന് വഴിയിടും: ഗവർണർ സി.പി. രാധാകൃഷ്ണൻ

കോയമ്പത്തൂർ● ഭാരതത്തിന്റെ പൗരാണിക ജ്ഞാനസംഹിതകളെല്ലാം ശാസ്ത്രം, ഭരണക്രമം, നൈതികത തുടങ്ങിയ മേഖലകളെയൊക്കെ സ്വാധീനിച്ചിരുന്നതായി മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണൻ പറഞ്ഞു. അമൃത വിശ്വവിദ്യാപീഠം, കോയമ്പത്തൂർ ക്യാംപസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സദ്ഗമയ 2025 റസിഡൻഷ്യൽ സാംസ്കാരിക ശിബിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആത്മീയതയില്ലാത്ത ജ്ഞാനം അഹങ്കാരത്തിന് വഴിയിടുമെന്നും ഗവർണർ കൂട്ടി ചേർത്തു. അമ്മയുടെ ഉപദേശങ്ങളും ദർശനങ്ങളും ശാസ്ത്രത്തെയും ആന്തരിക വളർച്ചയെയും ഏകീകരിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയിൽ അമൃതയിലെ അധ്യാപകരും അക്കാദമിക് പ്രമുഖരും പങ്കെടുക്കുന്നുണ്ട്. ജൂൺ 14 വരെ നീളുന്ന സദ്ഗമയ 2025ൽ ഗവേഷണ പ്രബന്ധങ്ങൾ, മുഖ്യപ്രഭാഷണങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ എന്നിവയുണ്ടായിരിക്കും.